II അടിയന്തിരപ്രമേയം

കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി നടപ്പാക്കാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതി

(1986 ഒക്ടോബർ 28-ാം തീയതി നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിനു മറുപടി).

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കൊല്ലം കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ഹൈക്കോടതി വിധിയനുസരിച്ച് മിനിമം വേജസ് കൊടുക്കാൻ പറഞ്ഞിട്ടു അതു നടപ്പിലാക്കുന്നതിനു പകരം ചില വ്യവസായികളും ചില നടപടികളും ആരംഭിച്ചിട്ടുണ്ടെന്നും ആ നടപടികൾക്ക് ഗവൺമെന്റ് സഹായം നൽകുന്നുവെന്നുമാണ് ബഹുമാനപ്പെട്ട ഉണ്ണി അദ്ദേഹത്തിന്റെ അടിയന്തിര പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം മാറിമാറിവന്ന ഗവൺമെന്റുകളുടെ കാലത്ത് ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം, ഈ സഭയിലെ എല്ലാ വിഭാഗം ആളുകൾക്കും അറിയാവുന്നതാണ്. ഈ വ്യവസായത്തിൽ മിനിമം വേജസ് നടപ്പിലാക്കാൻ തീരുമാനിച്ച കാലം മുതൽ അടുത്തകാലംവരെയും മിനിമംവേജസ് നടപ്പിലാക്കുന്നില്ലായെന്നുള്ള പരാതി ഒരു ഭാഗത്തും, നടപ്പിലാക്കുന്നു എന്നുള്ള അവകാശവാദം മറ്റൊരു ഭാഗത്തും ഉണ്ടായിട്ടുണ്ട്. ഇതിനനുയോജ്യമായ നിയമ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധം ആയിട്ടുള്ളതും എല്ലാം ഇന്നലേയും ഇന്നും ഉണ്ടായിട്ടുള്ള സംഗതികളല്ല. ഞാൻ ഇതു പറയാൻ കാരണം അടിയന്തിരപ്രമേയത്തിൽകൂടി നമുക്ക് പരിഹാരം കാണാവുന്ന ഒരു പ്രശ്നമല്ല ഇത്. ഏതായാലും ഒരു കാര്യം നാമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. ഈ വ്യവസായത്തെ ഭരണകക്ഷി, പ്രതിപക്ഷകക്ഷി വ്യത്യാസം കൂടാതെ ഒരേ മനസ്സോടെ സമീപിക്കുന്നില്ലായെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ നിന്ന് ഈ വ്യവസായം കാലാന്തരത്തിൽ നഷ്ടപ്പെടുമെന്നുള്ള ഉത്കണ്ഠയുണ്ട്. ഒരുകാലത്ത് ഇവിടെ കശുവണ്ടിയുടെ താങ്ങുവില നിശ്ചയിക്കുകയും ചില നടപടികളും സ്വീകരിക്കുകയും ചെയ്തശേഷം വ്യവസായികൾ ക്രമേണ ക്രമേണയായി തമിഴ്നാട്ടിലേക്ക് ഈ വ്യവസായത്തെ വലിച്ചുതുടങ്ങി. അതിന്റെ ഫലമായി ഏതാണ്ട് 45-50 ദിവസത്തിൽ കൂടുതൽ തൊഴിൽ കിട്ടാത്ത ഒരു സാഹചര്യത്തിലേക്ക്, ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മൾ ചെന്നെത്തി. ആ സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതിന്റെ രണ്ടു വശങ്ങളും പരിശോധിച്ച് ചില നടപടികളും സ്വീകരിച്ചത്. അന്നത്തെ മാർക്കറ്റും അവിടെ ഉണ്ടായിരുന്ന അനുകൂലസാഹചര്യങ്ങളും കൊണ്ട് ഭാഗ്യവശാൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജോലിദിവസങ്ങളുണ്ടായി. ലേബർ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിൽ പറയുന്നത് 150 മുതൽ 200 ദിവസം വരെ പ്രവൃത്തി ദിവസങ്ങളായി കിട്ടിയിട്ടുണ്ട് എന്നാണ്. അത് മെച്ചപ്പെട്ട ഒരു സ്ഥിതിവിശേഷമാണ് എന്നു വന്നപ്പോൾ തൊഴിലാളി യൂണിയനുകളുടെ ഭാഗത്ത് നിന്നൊരു ഡിമാൻറുണ്ടായി—ഈ വേജസ് ഒന്ന് പുനഃസംഘടിപ്പിച്ചാൽ കൊള്ളാം; അതേത്തുടർന്ന് ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് പല ചർച്ചകളും നടത്തി. അതിനായി ഒരു ലേബർ ആഫീസറെ പ്രത്യേകമായി നിയോഗിച്ചു. തത്വത്തിൽ എല്ലാപേരും ഇത് അംഗീകരിച്ചു. അതിന്റെ ഘടന രൂപീകരിക്കുന്നതിനുവേണ്ടിയാണ്

9.30 a.m.

LIBRARY ARCHIVES Kerala Legislative Assembly

ലേബർ ആഫീസറെ ചുമതലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ റിപ്പോ ർട്ടിന്റെ അടിസ്ഥാനത്തിൽ ജൂലൈ മാസം 4, 6, 17 എന്നീ തീയതികളിൽ ചർച്ച നടത്തി. ഇത് രണ്ടുംകൂടി സംയോജിപ്പിച്ചുകൊണ്ട് ഉള്ള ഒരു നിര ക്കാണ് ഫൈൻഡുചെയ്തത്. അതനുസരിച്ച് മിനിമം വേജസ് നിശ്ചയിച്ചി ട്ടുള്ളതിൽ കുറവാണെന്നുണ്ടെങ്കിൽ അങ്ങനെ കുറവ് വരുന്ന സ്ഥലത്തു മിനിമം വേജസ് കൊടുക്കണം എന്നായിരുന്നു ധാരണ. അന്നുണ്ടായ ധാരണ ഇതാണെന്നാണ് റിപ്പോർട്ടിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്. അതിനെ സംബന്ധിച്ച അവസാനഘട്ടം വന്നപ്പോൾ ചില യൂണിയനുകാരുടെ അത് നടപ്പാക്കുന്ന രീതിയെക്കുറിച്ച് പരിശോധിക്കാനുണ്ടെന്നു പറഞ്ഞു പിരിഞ്ഞു വെങ്കിലും പിന്നെ ആ നടപടിതന്നെ ഒരുവിഭാഗം തൊഴിലാളികളും സ്വീകരിച്ചില്ല; ഒരു വിഭാഗം തൊഴിലാളികളും, മാനേജ്മെന്റും അതിലെ എഗ്രിമെന്റിൽ ഒപ്പിട്ടു. എന്തായാലും ശരി അതിനെത്തുടർന്ന് ഈ കോൺഫറൻസിൽ ഉണ്ടായ തീരുമാനം അനുസരിച്ചുള്ള വേതനം കൊടുക്കാൻ തയ്യാറാണ് എന്നു നോട്ടീഫൈ ചെയ്യുകയും ചെയ്തു. അതനുസരിച്ച് ഷെല്ലിംഗിനു ഒരു കിലോഗ്രാമിനു ഒരു രൂപ എൺപത്തിയൊൻപത് പൈസയും, പീലിംഗിനു രണ്ടു രൂപ ഇരുപത്തിമൂന്നു പൈസയും മെക്കാഡു 12 രൂപ 95 പൈസയും, മെക്കാഡുജനറലിനു 14 രൂപ 70 പൈസയുമാണ്. എന്തായാലും മാനേജുമെന്റ് അതു സംബന്ധിച്ച നോട്ടീസ് ഇട്ടു. കുറെ തൊഴിലാളികളും അതു വാങ്ങിയില്ല. അതേത്തുടർന്ന് അവിടെ സമരമുണ്ടായി; സത്യാഗ്രഹമുണ്ടായി. കശുവണ്ടി കൊണ്ടുവരുന്നതും പുറത്തേക്ക് കൊണ്ടു പോകുന്നതും തടഞ്ഞു, സ്വാഭാവികമായും ഒരു സമരം നടക്കുമ്പോൾ അതിന്റെ തായ പ്രത്യാഘാതങ്ങളുണ്ടാകും, വ്യവസായത്തിൽ ഒരു വലിയ സ്തംഭനമുണ്ടായി. അതേയവസരത്തിൽ ഇവിടെ ഈ സ്ഥിതിവിശേഷം മാറിയപ്പോൾ നമ്മുടെ ഇവിടുള്ള വ്യവസായികളുംതന്നെ അവർ ഇറക്കുമതി ചെയ്യുന്ന കശു വണ്ടിയും, സംഭരിച്ച കശുവണ്ടിയും സൂത്രത്തിൽ കൊണ്ടുപോകുന്നതിനു വേണ്ടി തമിഴ്നാട്ടിലെ വ്യവസായം മെച്ചപ്പെടുത്താൻ നോക്കി. 50, 60 ദിവസം മാത്രം ജോലിയുണ്ടായിരുന്ന തമിഴ്നാട്ടിൽ ജോലിദിവസം 200 ആയി വർദ്ധിപ്പിച്ചു. സമരത്തിനു നേതൃത്വം കൊടുക്കുന്ന അഖിലേന്ത്യാസംഘടന യുടെ തമിഴ്നാട് ഘടകം ഇവിടെ ഒരു രൂപ തൊണ്ണൂറിരണ്ടുപൈസയ്ക്ക് എഗ്രിമെന്റുണ്ടാക്കിയപ്പോൾ അവർ 70 പൈസയ്ക്ക് അവിടെ എഗ്രിമെന്റുണ്ടാക്കി. ഇതിന്റെ ഫലമായി വ്യവസായം അങ്ങോട്ടു മാറുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടായി.

മിനിമം വേജസിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെന്റ് എല്ലാകാലത്തും മിനിമം വേജസ് കൊടുക്കണമെന്ന ഉറച്ച നിലപാട് സ്വീക രിച്ചിട്ടുണ്ട്. അതേയവസരത്തിൽ അയൽ സംസ്ഥാനം ഉണ്ടാക്കുന്ന ബുദ്ധി മുട്ട് നമ്മുടെ വ്യവസായത്തെ ബാധിക്കുന്നതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ കോൺഫറൻസ് വച്ചു, നമ്മുടെ ലേബർമിനിസ്റ്ററും ബന്ധപ്പെട്ട ആളുകളും ഒക്കെക്കൂടി കാലാകാലങ്ങളിൽ ഒരു റീജിയണൽ വേജസ് നിശ്ചയിച്ചാൽ ഇതിനു പരിഹാരമുണ്ടാക്കാൻ സാധിക്കും എന്നു പറഞ്ഞു. നിർഭാഗ്യവശാൽ അത് നടന്നില്ല. ഓരോ സ്റ്റേറ്റിലും അവിടെ വ്യവസായം കൂടുതൽ വരുത്താനുള്ള ശ്രമമാണ് നടക്കുക. അതിൽ കക്ഷിവ്യത്യാസമില്ല. അതുകൊണ്ടാണല്ലോ സി. ഐ. ടി. യു. വിന്റെ കേരളാ ഘടകം ഇവിടെ കൂടുതൽ ചോദിക്കുമ്പോൾ തമിഴ്നാട്ടിൽ അവിടത്തെ ആളുകൾക്ക് ജോലി കൊടുക്കണമെന്നു പറയുന്നത്. നമ്മുടെ വ്യവസായത്തെ അത് ബാധിച്ചു. അങ്ങനെ സമരം തുടർന്നപ്പോൾ കശുവണ്ടി കയറ്റി അയയ്ക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവന്നു. കേന്ദ്രഗവൺമെന്റിൽ നിന്ന് കയറ്റി അയയ്ക്കാതെ വന്നാൽ നമ്മുടെ കശുവണ്ടി വ്യവസായത്തെ മൊത്തത്തിൽ അത് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ദോഷകരമായി ബാധിക്കും, കാരണം നമ്മുടെ കശുവണ്ടി വാങ്ങുന്നവർ കമ്പോളത്തിൽ മാറ്റങ്ങളും വരുത്തും. കുറേക്കാലമായി സോവിയറ്റ് റഷ്യ കുത്തകയായി നമ്മുടെ കശുവണ്ടി വാങ്ങിയിരുന്നു. അതുകൊണ്ട് ഒരുകാലംവരെ പിടിച്ചുനിൽക്കാൻ സാധിച്ചു; എന്നാൽ ഒരു ഘട്ടത്തിൽ സോവിയറ്റ് റഷ്യ രംഗത്തുനിന്ന് മാറിയതോടുകൂടി അമേരിക്ക ഈ രംഗത്തുവന്നു. അവർ വില കുറച്ച് കുറച്ച് കൊണ്ടുവന്നു, അവസാനം നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കാത്ത സ്ഥിതിയിലേക്ക് വന്നു. ആ അവസരത്തിൽ നമ്മുടെ മുൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി നേരിട്ടതന്നെ ഇടപെട്ട് സോവിയറ്റ് റഷ്യയുടെ പ്രതിനിധികളുമായി സംസാരിച്ചു. അവരുടെ മരണത്തിനുശേഷം ആണെങ്കിലും സോവിയറ്റ് റഷ്യ കശുവണ്ടി വാങ്ങാൻ തീരുമാനിച്ചപ്പോൾ രണ്ടുകൂട്ടരും മൽസരിച്ചു. അതിന്റെ ഫലമായി ഈ രംഗം കുറച്ചൊന്നു മെച്ചപ്പെട്ടു. അങ്ങനെയുള്ള അവസരത്തിൽ കയറ്റി അയയ്ക്കുന്നത് സാധിക്കാതെ വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് എന്തായാലും അതിന് പരിഹാരം ഉണ്ടാക്കണമെന്നു പറഞ്ഞു. ലേബർ മിനിസ്റ്റർ അതിനുവേണ്ടി കോൺഫറൻസ് വച്ചു; പരമാവധി തീരുമാനമുണ്ടാക്കാൻ ശ്രമിച്ചു. തല്ക്കാലത്തെ മിനിമം വേജസ് മാത്രമല്ല, പരമ്പരാഗതമായി നമ്മുടെ വ്യവസായം തകരുന്ന ഒരു സ്ഥിതിവിശേഷം വരുമ്പോൾ അതിന് എല്ലാ വിഭാഗങ്ങളും യോജിച്ച് ഒരു തീരുമാനമുണ്ടാക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ശ്രമം നടത്തിയത്. എന്തായാലും അവസാനം യൂണിയന്റെ പ്രതിനിധികളും മിനിമം വേജസ് കിട്ടുന്നതിനുവേണ്ടി ഹൈക്കോടതിയെ സമീപിച്ചു. അതിനിടയിൽ എന്നെക്കണ്ടപ്പോൾ ഞാൻ പറഞ്ഞു, മിനിമം വേജസ് കൊടുക്കുന്നു, തൊഴിലാളികളും അത് വാങ്ങണം, തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കണം, കാരണം കശുവണ്ടി കയറ്റി അയയ്ക്കാൽ സാധിക്കാതെവന്നാൽ അത് നമുക്ക് ദോഷകരമായിവരും. തൊഴിലാളികളുടെ ആനുകൂല്യം കൊടുക്കരുതെന്നല്ല, ഈ ആനുകൂല്യം കൊടുക്കണം; അവസാനം അക്കാര്യം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി വിധി വന്നു. മിനിമം വേജസ് സംബന്ധിച്ച് തൊഴിലാളികളെ പ്രതിനിധീകരിച്ച് കോടതിയെ സമീപിച്ചിട്ടുള്ള സംഘടനകളും നേതൃത്വമെടുത്ത് ഓരോ തൊഴിലാളിയുടേയും വേജസ് എത്രയാണ്, അതിൽ കിട്ടേണ്ടതെത്രയാണ്, എത്രയാണ് ഇനി ബാക്കിയുള്ളത് എന്നുള്ളതിന്റെ സ്റ്റേറ്റുമെന്റ് ഒരാഴ്ചയ്ക്കകം ലേബർ ആഫീസർക്ക് കൊടുക്കണം; അങ്ങനെ ലേബർ ആഫീസർക്ക് കൊടുത്ത് ഈ സംഖ്യ മാനേജ്മെന്റ് കൊടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിക്കഴിഞ്ഞാൽ അവിടെ വ്യവസായം നടത്താനാവശ്യമായ സൗകര്യം മാനേജുമെന്റിനുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ട പ്രൊട്ടക്ഷൻ ഗവൺമെന്റ് കൊടുക്കണം എന്നു കോടതി നിർദ്ദേശിച്ചു. ഒരാഴ്ചയ്ക്കകം ഇതു സമർപ്പിക്കുന്നില്ലെങ്കിൽ ഒരു ആഴ്ചക്കുശേഷം മാനേജ്മെന്റിന് ഉള്ള തൊഴിലാളികളെവച്ച് വ്യവസായം നടത്താനും അതിനാവശ്യമായ സംരക്ഷണം കൊടുക്കാനും കോടതിവിധിയുണ്ടായി. ഇത് രണ്ടും കോടതിവിധിയാണ്. ആ കോടതിവിധിയെത്തുടർന്ന് ലേബർ ഓഫീസർ റിപ്പോർട്ട് ആവശ്യപ്പെട്ടു. എന്നാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അതിനെത്തുടർന്ന് ഒരു ദിവസം തൊഴിലാളി യൂണിയനുകളും തന്നെ പറഞ്ഞു, മാനേജ്മെന്റു മിനിമം വേജസ് കൊടുക്കാൻ സമ്മതിച്ചിരിക്കുന്നു, സമരം വിജയിച്ചിരിക്കുന്നു, എല്ലാ തൊഴിലാളികൾക്കും മിനിമം വേജസ് കിട്ടി എന്നൊക്കെ. ഇത് തൊഴിലാളികൾ ഇറക്കിയിട്ടുള്ള പ്രസ്താവനകളും ആയിരുന്നു. ഇപ്പോൾ മിനിമം വേജസ് കിട്ടി സമരം അവസാനിച്ചു പ്രശ്നവും ഇല്ല. ഇപ്പോൾ ഇതിനെത്തുടർന്നുള്ള നടപടികളാണ് നടക്കുന്നത്. ഏതെങ്കിലും തൊഴിലാളികളുടെ പേരിൽ വികടിമൈസേഷൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ഗവൺമെന്റു തീർച്ചയായിട്ടും അതിനെതിരെ നടപടി സ്വീകരിക്കും. വികടിമൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റു ഭാഗത്തുനിന്നാണെങ്കിൽ അതിനെതിരായി ശക്തമായ നടപടി സ്വീകരിക്കും എന്നുള്ളതിന് യാതൊരു സംശയവുംവേണ്ട. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? വ്യവസായങ്ങളെ ഓരോന്നോരോന്നായി അടച്ചിട്ട് പോകുന്നു. ഈ സ്ഥിതിവിശേഷം ഒഴിവാക്കണമെന്നുണ്ടെങ്കിൽ അവിടത്തെ തൊഴിലാളികളും മാനേജുമെന്റും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ, അല്ലെങ്കിൽ ആ ധാരണയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതാണ് നല്ലതെങ്കിൽ അത് ചെയ്യാം. ഈ ധാരണയിൽ നീശ്ചയിച്ചിരിക്കുന്ന വേജസിനേക്കാളും കൂടുതലാണ് മിനിമം വേജസ് എങ്കിൽ ആ മിനിമം വേജസ് കൊടുത്തുകൊള്ളണം. നേരെമറിച്ച് മിനിമം വേജസിനെക്കാളും ഇത് മെച്ചപ്പെട്ട താണെങ്കിൽ അവർക്കത് വാങ്ങിക്കാം. ചോയിസ് കൊടുത്തിട്ടുള്ളതനുസരിച്ച് മെച്ചപ്പെട്ടത് ഏതാണോ അതിനാണ് അവകാശമുള്ളത്. ആ നിലയിൽ പോകുന്നതായിരുന്നു നല്ലത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും അവിടെ ഇന്ന് സംഘർഷാവസ്ഥയോ മറ്റ് സ്ഥിതിവിശേഷങ്ങളോ ഇല്ല. ഗവൺമെന്റ് അതിന് പരമാവധി നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇനിയെന്തെങ്കിലും നടപടികളും നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ല എന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, നിയമവാഴ്ചയ്ക്ക് വിഘ്നമുണ്ടാക്കുന്ന ചില സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. നിയമം ചില വ്യക്തികളോ ചില സംഘടനകളോ കയ്യിലെടുക്കുന്ന ചില സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ നിയമവാഴ്ച അറിഞ്ഞുകൊണ്ട് തകരാറിലാക്കുന്ന, നിയമത്തെ മറികടക്കുന്ന ഏതെങ്കിലുമൊരു ഗവൺമെന്റ് ഇൻഡ്യയിൽ ഭരിക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമാണ്. എന്നാൽ കേരളത്തിൽ ഇങ്ങനെയൊരു ഗവൺമെന്റുണ്ട്— കരുണാകരൻ മന്ത്രിസഭ.

സർ, മിനിമം വേജസ് കശുവണ്ടിത്തൊഴിലാളിക്ക് കിട്ടുന്നില്ലായെന്ന് ആവലാതി എത്രയോ തവണ ഈ സഭയിൽത്തന്നെ ഉന്നയിച്ചതാണ്. അന്നൊക്കെ ഈ ഗവൺമെന്റിനു വേണ്ടിചില സമയത്തു മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്, തൊഴിൽ മന്ത്രിപറഞ്ഞിട്ടുണ്ട്, "നടപടിയെടുക്കുന്നുണ്ട്, കൊടുക്കുന്നുണ്ട്, കൊടുപ്പിക്കുന്നുണ്ട് പരാതി കിട്ടുന്നില്ല" എന്നൊക്കെ. എന്നാൽ ഈ ആവലാതി ഗവൺമെന്റിൽ പറഞ്ഞിട്ട് രക്ഷയില്ലാതെ തൊഴിലാളികളും ചില നടപടികളും സ്വീകരിച്ചു. അതിൽ കക്ഷി ഭേദം ഉണ്ടായിരുന്നില്ല. ഐ. എൻ. ടി. യു. സി.ക്കും തൊഴിലാളികളുള്ള വ്യവസായമാണ് കശുവണ്ടി വ്യവസായം. സഹകാര്യമേഖലയിൽ ഈ കഴിഞ്ഞ മേയ് മാസം മുതൽ പ്രക്ഷോഭണം ആരംഭിച്ചു. ജൂൺ മാസം മുതൽ പ്രക്ഷോഭണം കുറേക്കൂടി ശക്തിപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഗാന്ധിയൻ രീതിയിലുള്ള നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. ഫാക്ടറി പടിക്കൽ പ്രവർത്തകർ നിരാഹാരം നടത്തി. അതോടൊപ്പം തൊഴിലാളികളും ജോലിചെയ്തു കൊടുക്കുന്നുമുണ്ട്. തുടർന്ന് തൊഴിലാളികളും ആഗസ്റ്റ് മാസം മുതൽ ശമ്പളം ബഹിഷ്കരിച്ചു. ഞങ്ങൾക്ക് ജോലി ചെയ്യുന്നതിനുപകരം ചട്ടപ്രകാരമുള്ള കൂലി തരണം ഇത് കുറച്ചാൽ ഞങ്ങൾ വാങ്ങുകയില്ല, ജോലി ചെയ്യാം എന്ന് തൊഴിലാളികളും പറഞ്ഞു. ഈ കള്ളക്കണക്ക് എഴുതി ഇനി ഞങ്ങൾ അതിൽ ഒപ്പിടുകയില്ല, അങ്ങനെ ഞങ്ങളെ ചൂഷണം ചെയ്യേണ്ട, അതിന് കൂട്ടുനിൽക്കാൻ ഞങ്ങൾ തയ്യാറല്ല, ഞങ്ങൾക്ക് യഥാർത്ഥത്തിലുള്ള ശമ്പളം വേണം എന്ന് പറഞ്ഞിട്ട് അവർ ശമ്പളം ബഹിഷ്കരിച്ചു. എന്നിട്ട് ഗവൺമെന്റിനോട് പറഞ്ഞു ഞങ്ങൾ ശമ്പളം ബഹിഷ്കരിച്ചിരിക്കുകയാണ്, ഞങ്ങൾ ജോലി ചെയ്യുന്നുണ്ട് ഞങ്ങൾക്ക് കൂലി വാങ്ങിച്ച് തരണം എന്ന്. ഗവൺമെന്റ് നടപടി സ്വീകരിച്ചോ? ജൂലൈ 4, 6, 17 തീയതികളിൽ കോൺഫറൻസ് നടന്നുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ശരിയാണ്. ജൂലൈ 4-ാം തീയതിയിലെ കോൺഫറൻസിൽ ലേബർ മന്ത്രിയുണ്ടായിരുന്നു. ഇത് എങ്ങനെ ഇംപ്ലിമെൻറ് ചെയ്യാം, എൻഫോഴ്സ് മെൻറു ഉദ്യോഗസ്ഥൻമാരെ, ഇതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരെ എങ്ങനെ നിയോഗിക്കാം എന്നതിനെപ്പറ്റിയാണ് ചർച്ച ചെയ്തത്. എന്നാൽ ജൂലൈ 6-ാം തീയതി ഒരു എഗ്രിമെൻറിനെപ്പറ്റിയാണ് ആലോചിച്ചത്. അന്ന്, മിനിമം വേജസ് പട്ടികയിൽപ്പെടുന്ന ഈ വ്യവസായം മിനിമം വേജസ് ആക്ട് അനുസരിച്ച് വേജസ് നിശ്ചയിച്ച് പ്രഖ്യാപിച്ച്, നിലവിലിരിക്കുന്ന നിയമത്തിൻറെ സംരക്ഷണമുള്ള, ഒരു വ്യവസായത്തിന് ഒരു എഗ്രിമെൻറുമൂലം എന്തെങ്കിലും വേജസ് ഉണ്ടാക്കിയാൽ അത് നിലനിൽക്കുന്നത് എങ്ങനെയെന്നുള്ള പ്രശ്നം ഉന്നയിക്കപ്പെട്ടു. ജൂലൈ 17-ാം തീയതിയിലെ ചർച്ചയിലും അത് ഉന്നയിച്ചു. എന്നാൽ ജൂലൈ 6-ാം തീയതിക്കും 17-ാം തീയതിക്കും ഇടയിൽ ഏതോ ചില ആളുകളുമായി ഒരു എഗ്രിമെൻറ് ഉണ്ടാക്കിയതായും അങ്ങനെയൊരു എഗ്രിമെൻറു നിലവിൽ വന്നതായും പ്രസ്താവനകൾ കണ്ടു. ജൂലൈ 17-ാം തീയതിയിലെ കോൺഫറൻസിൽ ഞാൻ തന്നെ ലേബർ മന്ത്രിയോട് ചോദിച്ചു അങ്ങനെയൊരു എഗ്രിമെൻറുണ്ടോ എന്ന്. മിനിസ്റ്റർ പറഞ്ഞത് അങ്ങനെയൊരു എഗ്രിമെൻറ് ഇല്ലായെന്നാണ്. ഇവിടെ ചീഫ് മിനിസ്റ്റർ പറയുന്നത് ഒരു എഗ്രിമെൻറിനെപ്പറ്റിയാണ്. അങ്ങനെ ഒരു എഗ്രിമെൻറ് നിയമവിരുദ്ധമാണ്. ഈ പറയപ്പെടുന്ന എഗ്രിമെൻറ് നിലവിൽ ഉണ്ടായാലും ഇല്ലെങ്കിലും അങ്ങനെയൊരു എഗ്രിമെൻറ് ഈ വ്യവസായത്തെ സംബന്ധിച്ച് തൊഴിലാളികൾക്ക് ദ്രോഹകരമാണ്. നിയമത്തിൻറെ സംരക്ഷണമുള്ളപ്പോൾ കൂലി കൊടുക്കാത്ത വ്യവസായമാണിത്. ഒരു എഗ്രിമെൻറുണ്ടെങ്കിൽത്തന്നെ ആ കൂലി കൊടുക്കും എന്നുള്ളതിന് എന്താണ് ഉറപ്പ്? യാതൊരു ഉറപ്പുമില്ല, ദുർബ്ബലമാണിത് മിനിമം വേജസ് ആക്ട് പറയുന്നത് :

Sec. 25 of the Minimum Wages Act.

Any contract or agreement, whether made before or after the commencement of this Act, where by an employee either relinguishes or reduces his right to a minimum rate of wages or any privilege or concession accruing to him under this Act shall be null and void.....ഇത് നിരോധിച്ചിരിക്കുന്ന ഒരു കാര്യമാണ്. ഗവൺമെൻറിന് ഇക്കാര്യത്തിൽ എന്ത് അധികാരമുണ്ട് ഞാൻ ചോദിക്കുന്നതു മുഖ്യമന്ത്രിയോട്. മിനിമം വേജസ് ആക്ടിൻറെ പ്രസക്തിയെപ്പറ്റി ഞാൻ എന്തെങ്കിലും പറയണമോ? റിവൈസ് ചെയ്തിട്ടുള്ള ഇരുപതിന പരിപാടിയിൽ മിനിമം വേജസ് ആക്ടിൻറെ പ്രസക്തിയെപ്പറ്റി ആവർത്തിച്ച് പ്രാധാന്യം കൽപ്പിച്ചു പറഞ്ഞിട്ടുണ്ട്. കശുവണ്ടി വ്യവസായം നിയമം വേജസ് ആക്ടിൻറെ പട്ടികയിൽപ്പെടുന്ന ഒരു വ്യവസായമാണ്. ഇന്നൊരു വേജസ് നിലവിലുണ്ടോ ? 1975-ൽ നിശ്ചയിച്ച വേജസ് ആണ് നിലവിലുള്ളത്. വേജസ് പുതുക്കിയിട്ട് ഇപ്പോൾ12 വർഷം ആകുന്നു. ഇത് റിവൈസ് ചെയ്ത് രണ്ടാമത് നോട്ടിഫൈ ചെയ്യണമെന്ന് ആവർത്തിച്ചാവർത്തിച്ച് ഗവൺമെൻറിനോട് ആവശ്യപ്പെട്ടതാണ്. ഇതുവരെ അതിനുള്ള നടപടികൾ ചെയ്തിട്ടില്ല. അഞ്ചുവർഷത്തിലൊരിക്കൽ ഇത് ചെയ്യണമെന്നാണ് നിയമം. അതുപോകട്ടെ ഇപ്പോൾ പത്തുകൊല്ലമായി. ഇത് കൊടുപ്പിക്കണ്ടായോ? മദ്ധ്യതിരുവിതാംകൂറിൽ ഇത് കിട്ടുന്നതിനുവേണ്ടിത്തന്നെ എന്തെല്ലാം നടന്നുവെന്നുള്ളത് ജനങ്ങൾക്ക് അറിവുള്ളതാണ്.. ഒരാൾ രകതസാക്ഷിയായി. 27 വയസ്സുപ്രായമുള്ള ഒരു ചെറുപ്പക്കാരൻ, പരമേശ്വരൻ എന്ന യുവാവ് രക്തസാക്ഷിയായി. പോലീസ് പ്രൊട്ടക്ഷനുവേണ്ടി ഒരു മുതലാളി ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി പറഞ്ഞ ഒറ്റ വാചകം മാത്രം ഞാൻ വായിക്കാം ഹൈക്കോടതി പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

If any such amount is due by the pettioner and he declined to pay, I do not think that he deserves the indulgence of this court for interference under Article 226 of the Constitution.

സർ, ഇതാണ് ഹൈക്കോടതി പറഞ്ഞത്. പോലീസ് പ്രെട്ടക്ഷൻ നിഷേധിച്ചു. എന്നിട്ടും നിയമം ലംഘിച്ച ഈ മുതലാളിമാർക്ക് ഈ ഗവണ്മെൻറ് പോലീസ് സംരക്ഷണം കൊടുത്തു. അത് തടഞ്ഞ ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്തു വൈകുന്നേരം കൊണ്ടുപോയി. പിറേന്ന് ജഡമാണ് ലോക്കപ്പിനു പുറത്തു കണ്ടത്. ഒരു അന്വേഷണംപോലും നടത്താൻ ഈ ഗവൺമെൻറു തയ്യാറായില്ല. ഇതിനെച്ചൊല്ലി നാടാകെ ഇളകിമറിഞ്ഞു. ഒരു ഹാലൂക്കു മുഴുവൻ ഹർത്താലായിരുന്നു. ഒരു ജില്ല മുഴുവൻ പ്രതിഷേധമുണ്ടായിരുന്നു. അത് ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. അനേകം തൊഴിലാളികളെ അറസ്റ്റു ചെയ്തു. സ്ത്രീതൊഴിലാളികളെ അറസ്റ്റു ചെയ്തു. കൂട്ടംകൂട്ടമായി അറസ്റ്റു നടന്നു. എന്നിട്ടും നിയമ വിരുദ്ധമായ ഈ എഗ്രിമെൻറ്, തൊഴിലാളിക്ക് ദോഷം ചെയ്യുന്ന എഗ്രിമെൻറു ഇംപ്ളിമെൻറു ചെയ്യാൻ പോലീസ് സന്നാഹത്തോടുകൂടി നിരവധി ഫാക്ടറികളും ഗവൺമെൻറു സംരക്ഷണം കൊടുത്തു. മുതലാളിമാർ നോട്ടീസ് ഇട്ട് വേതനം നടപ്പാക്കാൻ ശ്രമിച്ചു. എന്നാൽ ഒരൊറ ഫാക്ടറി തൊഴിലാളിയും അത് വാങ്ങിയിട്ടില്ല. എന്നുമാത്രമല്ല പോലീസും ലേബർ ഡിപ്പാർട്ടുമെൻറിന്റെ ഉദ്യോഗസ്ഥൻമാരും മുതലാളിമാരും പരിഹാസപാത്രമായി ഫാക്ടറികളിൽ നിന്നും പുറത്തുപോകേണ്ടിവന്നു. എന്നിട്ട് തൊഴിലാളികളും കോടതിയെ സമീപിച്ചു. മിനിമം വേജസ് ആക്ട് നോട്ടിഫൈ ചെയ്തു മിനിമം വേജസ് ആക്ട് ഇംപ്ളിമെൻറ് ചെയ്യാനുള്ള ഉത്തരവാദിത്വം ഗവൺമെൻറിൽനിന്നും ഹൈക്കോടതി ഏറെറടുത്തു. നമ്മുടെ രാജ്യത്ത് ഇങ്ങനെയൊരു ചരിത്രം ഉണ്ടായിക്കാണുകയില്ല. കേരള ഹൈക്കോടതി കേരളത്തിലെ കശുവണ്ടി വ്യവസായത്തിൽ മിനിമം വേജസ് നോട്ടിഫൈ ചെയ്തത്, വേജസ് നടപ്പാക്കാനുള്ള ഉത്തരവാദിത്വം, ഗവൺമെൻറ് കൈയൊഴിഞ്ഞ അവസരത്തിൽ, നിയമം ലംഘിക്കാൻ മുതലാളിമാർക്ക് അവസരം നൽകിയ അവസരത്തിൽ, അതിന്റെ എക്സിക്യൂഷന്റെ ഉത്തരവാദിത്വം ഹൈക്കോടതി ഏറെറടുത്തുവെന്നുള്ളതാണ് വസ്തുത. നിയമത്തെ മാനിക്കുന്ന ഏത് ഗവൺമെൻറായാലും ജനാധിപത്യ തത്വങ്ങളിൽ വിശ്വസിക്കുന്ന ഏതു ഗവൺമെൻറായാലും ആ ഗവൺമെൻറ് അന്ന് രാജിവയ്ക്കും. നിയമം നടപ്പാക്കാൻ വിസമ്മതിക്കുന്ന ഒരു ഗവൺമെൻറാണിത്. ഹൈക്കോടതിയുടെ മുമ്പിൽ അവരിതു പറഞ്ഞു. ജസ്റ്റീസ് രാധാകൃഷ്ണമേനോന്റെ ബഞ്ചിലാണ് ഈ കേസ് വന്നത്. ഇങ്ങനെ ഞങ്ങൾ എഗ്രിമെൻറു ഉണ്ടാക്കിയിട്ടുണ്ട്, ഞങ്ങൾ നടപ്പാക്കാൻ പോവുകയാണ് എന്ന്. ഹൈക്കോടതി പറഞ്ഞു ആ എഗ്രിമെൻറു ദോഷമാണ് നിയമവിരുദ്ധമാണ് എന്ന്. നോട്ടിഫൈ ചെയ്ത റേറ് നടപ്പാക്കണം. ഗവൺമെൻറു വിസ്സമ്മതിച്ച സാഹചര്യത്തിൽ ഈ എക്സിക്യൂഷന്റെ ചുമതല ഹൈക്കോടതി ഏറെറടുക്കുകയും ആ എക്സിക്യൂഷൻ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടത്തുകയുമാണ് ചെയ്തത്. ഇതിന്റെ പ്രാധാന്യം എന്നു പറയുന്നത് ഹൈക്കോടതി ഇതിന്റെ എക്സിക്യൂഷൻ ഏറെറടുത്തു എന്നതാണ്. അത്തരം നടപടികളിൽ ഈ ഗവൺമെൻറു പരാജയപ്പെടുന്നു. ഗവൺമെൻറു വഴിയല്ലേ ഹൈക്കോടതിക്ക് ഇത് ചെയ്യാൻ പററു.

ഹൈക്കോടതി നിർദ്ദേശിച്ച നടപടിക്രമമനുസരിച്ച്, ഫാക്ടസ് വെരിഫൈ ചെയ്തത്, റെക്കോർഡുകൾ വെരിഫൈ ചെയ്തത്, ഇത് ഇംപ്ളിമെൻറ് ചെയ്യുവാനാണ് ഹൈക്കോടതി ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരോട് പറഞ്ഞിരിക്കുന്നത്. എന്നാൽ അവർ ഫാക്ടസ് വെരിഫൈ ചെയ്യാതെ, റെക്കോർഡുകൾ വെരിഫൈ ചെയ്യാതെ, ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അനുശാസനത്തെ മറികടന്ന് ഇവിടത്തെ കശുവണ്ടി മുതലാളിമാരെ സഹായിക്കുവാൻവേണ്ടിയുള്ള ഗവൺമെൻറിന്റെ നിലപാടിനെ ശരിയെന്നു വരുത്തുവാൻ വേണ്ടി ഹൈക്കോടതി ഇതിന്റെ ഏക്സിക്യൂഷൻ നടപടികളേറെടുത്തതിനെ പരാജയപ്പെടുത്തുന്നുവെന്നുള്ളതാണ് പ്രശ്നം. അങ്ങനെയുള്ള കുറെ വ്യവസായികളുമുണ്ട്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. കശുവണ്ടി വ്യവസായത്തിലെ മുള്ളെല്ലും തൊഴിലാളികളും ചരിത്രത്തിലാദ്യമായി ഗവൺമെൻറ് ഉണ്ടാക്കിയെന്നു പറയുന്ന എഗ്രിമെൻറിനെ ധിക്കരിച്ചുകൊണ്ട്, നിഷേധിച്ചുകൊണ്ട് മിനിമം വേജസ്സിനുവേണ്ടി ഉറച്ചുനിന്നു. ഈ ഗവൺമെൻറ് പറഞ്ഞത് വിശ്വസിച്ചിരുന്ന പല മുതലാളിമാരും അവസാനം നിവൃത്തിയില്ലാതെ മിനിമം വേജസ് കൊടുത്തു. ഒന്നുരണ്ടു മുതലാളിമാർ ബാക്കിയുണ്ടായിരുന്നു. മിനിമം വേജസ് കൊടുക്കേർതെന്ന് ഈ ഗവൺമെൻറ് അവരോട് നിർദ്ദേശിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെ മിനിമം വേജസ് കൊടുക്കാതിരുന്നവരെ സംരക്ഷിക്കുവാൻവേണ്ടി അവർക്കെതിരെ നടപടി നടത്തുവാൻ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ വിസമ്മതിച്ച ഒരു സാഹചര്യത്തിലാണ് ഹൈക്കോടതി എക്സിക്യൂഷൻ ഏറെറടുത്ത സാഹചര്യമുണ്ടായത്. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല. ഈ വ്യവസായം ഇവിടെനിന്നും എങ്ങും പോകില്ല.

ഒരുദാഹരണം ഞാൻ പറയാം. ഈ വർഷം ഇരുപതിനായിരം ടൺ തോട്ടണ്ടിയുടെ ജോലി ചെയ്തിച്ച ഒരു കശുവണ്ടിമുതലാളി ഏഴുരൂപ വച്ചാണ് കൂലി കൊടുത്തത്. എന്നാൽ കശുവണ്ടി കോർപ്പറേഷൻ ഇരുപതിനായിരം ടൺ തോട്ടണ്ടിയുടെ ജോലി ചെയ്തിച്ചത് പതിനാലുരൂപ കൂലി കൊടുത്താണ്. ഒരേ മാർക്കറിലാണ് പരിപ്പു വിറ്റത്. അതിൽനിന്ന് രണ്ടുകോടി ഇരുപത്തിയഞ്ചു ലക്ഷം രൂപയുടെ വ്യാവസായിക ലാഭമാണ് കശുവണ്ടി കോർപ്പറേഷന് കിട്ടിയത്. സ്വകാര്യ കശുവണ്ടി മുതലാളിക്ക് എത്ര രൂപ ലാഭം കിട്ടിക്കാണും ? ഇങ്ങനെ കള്ളപ്പണമുണ്ടാക്കുന്ന, ഒരു സമാന്തര സമ്പദ്ഘടനതന്നെ ഉണ്ടാക്കുന്ന, നിയമം ലംഘിക്കുന്ന മുതലാളിമാർക്ക് കൂട്ടുനിൽക്കുക, നിയമത്തെ ധിക്കരിക്കുക, നിയമവാഴ്ചയെത്തന്നെ അപകടപ്പെടുത്തുക, ആ നിയമം ഇംപ്ലിമെൻറ് ചെയ്യുവാനുള്ള ഉത്തരവാദിത്വം ഹൈക്കോടതി ഏറെറടുക്കുക ഇതൊക്കെയാണ് ഈ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഇതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഹൈക്കോടതി വിധിയുടെ ചില ഭാഗങ്ങളെടുത്ത് വ്യാഖ്യാനം കൊടുക്കുകയുണ്ടായി. ഹൈക്കോടതി വിധിയിൽ അവസാനമായിട്ട് പറയുന്നത്, തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു അതിന്റെ വേതനം എത്രയാണ് അതിൽ എത്ര ദിവസത്തെ കൂലി കൊടുത്തു, ഇനിയെത്ര കൂലി ബാക്കിയുണ്ട് എന്നുള്ളതൊക്കെ അന്വേഷിച്ച് ഒരാഴ്ചക്കകം സ്റേറററുമെൻറ് യൂണിയനുകൾ ഡിസ്ട്രിക്ട് ലേബർ ഓഫീസറെ ഏൽപ്പിക്കണമെന്നാണ്. അങ്ങനെ ഏൽപ്പിച്ചു കഴിഞ്ഞാൽ ലേബർ ഓഫീസർ മാനേജ്മെൻറിന്റെ കയ്യിലുള്ള രേഖകൾ വാങ്ങി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. അങ്ങനെ ഒരാഴ്ചക്കകം യൂണിനുകൾ രേഖകൾ കൊടുത്ത് ലേബർ ഓഫീസർ ഇതിനാവശ്യമായ നടപടികൾ നടത്തുവാൻ തയ്യാറായിട്ടില്ലെങ്കിൽ മാനേജ്മെൻറിന് ഉള്ള തൊഴിലാളികളെ വച്ച് ജോലി ചെയ്യിക്കാൻ അവകാശമുണ്ടെന്നും കമ്പനിക്ക് പ്രൊട്ടക്ഷൻ കൊടുക്കേണ്ടതാണെന്നുമാണ് ഹൈക്കോടതി ജഡ്ജ്മെൻറിൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

The D. L. O. shall consider and dispose of the disputes as indicated here. The workmen represented by the petitioner—Union shall furnish their claims regarding wages as per Ext. P1 on or before 18th and if the union files statements within the stiputed period, the D. L. O. shall consider and dispose of the matter within 7 days from the date of receipt of the claim.

ഇതിൻപ്രകാരം ഒരാഴ്ചയ്ക്കകം ലേബർ ഓഫീസർക്ക് ക്ലെയിം കൊടുത്തില്ല. അങ്ങനെ കൊടുക്കാതെ വന്നാൽ,

It is made clear that in case the workmen represented by the petitioner—Union fails to make claim within the stipulated period, the management are free to continue manufacturing process with the willing workers and also to remove the process and other articles without any hindrance from the employees represented by the petitioner—Union.

ഇങ്ങനെ ഒരാഴ്ചയ്ക്കകം കൊടുക്കാത്തതിന്റെ പേരിൽ ആ ക്ലെയിം തള്ളി, അവർ അപ്പീലിന് പോയി. കോടതി ആ അപ്പീലും തള്ളിയിരിക്കുകയാണ്. സമയത്തിന് ചെയ്യേണ്ടതൊന്നും ചെയ്യാതെ, തൊഴിലാളികളുടെ അവകാശത്തെക്കുറിച്ച് ചോദിക്കാതെ, സമരം നടത്തി സർക്കാരിനെ കുറ്റപ്പെടുത്തുവാൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണ്. എന്തായാലും സഭ നടപടികൾ നിറുത്തിവച്ച് ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല. ഇതിനാവശ്യമായ നടപടികളെല്ലാം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രദ്ധ ക്ഷണിക്കൽ

1. വിദ്യുച്ഛക്തി വിതരണ തകരാറുമൂലം ഉപഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പങ്കജാക്ഷൻ : സർ, തിരുവനന്തപുരം സിറ്റിയിലെ വിദ്യുച്ഛക്തി ഉപഭോക്താക്കളെ പ്രത്യേകിച്ചും, തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശക്കളിലെ ഉപഭോക്താക്കളെ പൊതുവായും ബാധിക്കുന്ന വിദ്യുച്ഛക്തി വിതരണത്തിലെ തകരാറിനെയും സ്തംഭനത്തെയും സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിക്കുകയാണ്. ഇതിനു മുമ്പും ഇങ്ങനെ വിദ്യുച്ഛക്തി വിതരണത്തിൽ തകരാറും സ്തംഭനവുമൊക്കെ ഉണ്ടായിട്ടുണ്ട്. വീട്ടാവശ്യങ്ങൾക്ക് വേണ്ടത്ര വിദ്യുച്ഛക്തി ലഭിക്കാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. എന്നാൽ സ്റ്റാബ് സിസ്റ്റം കൂടുതൽ വ്യാപകമാക്കിയതിനുശേഷം വിദ്യുച്ഛക്തിയുടെ വിതരണ തകരാറും സ്തംഭനവും കൂടുതലായി നീണ്ടുനിൽക്കുന്ന അവസ്ഥയാണ് ജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്നത്. ഇതെന്തുകൊണ്ടാണെന്ന് ചോദിച്ചാൽ, വിദ്യുച്ഛക്തി സമയത്തിന് വിതരണം ചെയ്താലുമില്ലെങ്കിലും ഉപഭോക്താക്കൾക്ക് ആവശ്യത്തിന്, ലഭ്യമായാലുമില്ലെങ്കിലും സ്റ്റാബിൽ നിർണ്ണയിക്കുന്ന തുക കർക്കശമായി, കൃത്യമായി ഈടാക്കുന്നുവെന്നുള്ളതുകൊണ്ടാണ്. നിശ്ചിത ദിവസത്തിനുള്ളിൽ നിർണ്ണയിച്ചിട്ടുള്ള കറന്റ് ചാർജ് അവിടെ എത്തിയില്ലെങ്കിൽ അടുത്ത ദിവസം മുതൽ കറന്റ് ലഭ്യമാകില്ല എന്നുള്ള കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ ? സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡും അതിന്റെ കീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly